ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1155

# സൂറ – 40 / ഗാഫിർ

## സൂക്തം: 56 – 59

മനുഷ്യ ജീവിതം സാധ്യമാകുന്നത് ഭൂമിയുടെയും ആകാശഗോളങ്ങളുടെയും പ്രവർത്തനം കൊണ്ടാണ്. അവ ചിരകാലം നിലനിന്നു പ്രവർത്തിക്കുന്നു. മനുഷ്യന്റെ ക്ഷണിക ജീവിതത്തെ സേവിക്കുന്നു. സേവകൻ ചിരകാലം നിലനിൽക്കുകയും സേവിതൻ ക്ഷണകാലം ജീവിച്ച് ശൂന്യതയിൽ ലയിക്കുകയും ചെയ്യുന്നവനുമാണെന്നോ?

إِنَّ ٱلَّذِينَ يُجَٰدِلُونَ فِىٓ ءَايَٰتِ ٱللَّهِ بِغَيْرِ سُلْطَٰنٍ
أَتَىٰهُمْ ۙ إِن فِى صُدُورِهِمْ إِلَّا كِبْرٌ مَّا هُم بِبَٰلِغِيهِ ۚ
فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿٥٦﴾

56. തങ്ങൾക്കു ലഭിച്ചിട്ടുള്ള വേദപ്രമാണങ്ങളെ ആധാരമാക്കിയല്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവരുണ്ടല്ലോ, അവരുടെ മാറിടങ്ങളിൽ അഹന്തയല്ലാതൊന്നുമില്ല. അവർ മോഹിക്കുന്ന ഔന്നത്യമാകട്ടെ അവർ പ്രാപിക്കാൻ പോകുന്നുമില്ല. പ്രവാചകൻ അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും നിരീക്ഷിക്കുന്നവനും തന്നെയാകുന്നു.

**56**

إِنَّ الَّذِينَ يُجَادِلُونَ = തർക്കിച്ചുകൊണ്ടിരിക്കുന്നവർ (ഉണ്ടല്ലോ)

فِي آيَاتِ اللَّهِ = അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ(ങ്ങളെക്കുറിച്ച്)

بِغَيْرِ سُلْطَانٍ = പ്രമാണമില്ലാതെ (വേദപ്രമാണങ്ങളെ ആധാരമാക്കിയല്ലാതെ)

أَتَاهُمْ = അവർ (തങ്ങൾ)ക്കു വന്ന (ലഭിച്ചിട്ടുള്ള) إِن فِي صُدُورِهِمْ إِلَّا كِبْرٌ = അവരുടെ മാറിടങ്ങളിൽ അഹന്തയല്ലാതൊന്നുമില്ല

مَّا هُم بِبَالِغِيهِ = അത് (അവർ മോഹിക്കുന്ന ഔന്നത്യം) അവർ പ്രാപിക്കുന്നവർ അല്ല (പ്രാപിക്കാൻ പോകുന്നുമില്ല)

فَاسْتَعِذْ بِاللَّهِ = അതിനാൽ നീ (പ്രവാചകൻ) അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക

إِنَّهُ = തീർച്ചയായും അവൻ هُوَ السَّمِيعُ الْبَصِيرُ = എല്ലാം കേൾക്കുന്നവനും നിരീക്ഷിക്കുന്നവനും തന്നെയാകുന്നു

പ്രഭാഷണം വീണ്ടും ഖുർആനിനെക്കുറിച്ച് പ്രവാചകനോട് തർക്കിച്ചുകൊണ്ടിരിക്കുന്ന സത്യനിഷേധികളിലേക്കും ബഹുദൈവവിശ്വാസികളിലേക്കും തിരിയുകയാണ്. آيَاتِ اللَّهِ -യിൽ മൂന്നുതരം ദൃഷ്ടാന്തങ്ങൾ പെടുന്നു. അല്ലാഹുവിന്റെ ഏകത്വത്തെയും സർവശക്തിയെയും വിളിച്ചോതിക്കൊണ്ട് പ്രപഞ്ചത്തിലെങ്ങും വിളങ്ങുന്ന സൂര്യചന്ദ്രനക്ഷത്രാദി ഗോളങ്ങൾ, രാപ്പകൽ, വായു, വെള്ളം തുടങ്ങിയ പ്രതിഭാസങ്ങൾ. ഇതൊന്നും ആരും സൃഷ്ടിച്ചതല്ല. സ്വയം ഉണ്ടായതാണെന്ന് ഒരുകൂട്ടർ. ഈ മഹാപ്രപഞ്ചം സൃഷ്ടിച്ചത് ഒരു ദൈവം ഒറ്റക്കല്ല, പല ദൈവങ്ങൾ ചേർന്നാണെന്ന്

വേറൊരു കൂട്ടർ. പ്രപഞ്ചം സൃഷ്ടിച്ചത് ഒരു ദൈവമായാലും പല ദൈവങ്ങളായാലും ആ സൃഷ്ടിക്ക് ഉദ്ദേശ്യമോ ലക്ഷ്യമോ ഇല്ല, ദൈവത്തിന്റെ ലീലാവിലാസം മാത്രമാണിത്, അല്ലെങ്കിൽ വെറും മായയാണ് എന്ന് ഇനിയുമൊരു കൂട്ടർ. ദൈവദൂതന്മാർ തങ്ങളുടെ ദൈവനിയോഗം ജനങ്ങളെ ബോധ്യപ്പെടുത്താൻ അവതരിപ്പിക്കുന്ന ദിവ്യാത്ഭുതങ്ങളാണ് രണ്ടാമത്തെ ഇനം آيَاتِ اللَّهِ . ദൈവത്തിന് മനുഷ്യരിലേക്ക് ദൂതന്മാരെ നിയോഗിക്കുന്ന പരിപാടിയേ ഇല്ലെന്ന് ചിലർ. വ്യാജന്മാർ സ്വാർഥ ലാഭത്തിന് വേണ്ടി അവലംബിക്കുന്ന തട്ടിപ്പാണ് പ്രവാചകത്വവാദം, ദൈവം തങ്ങളിലൂടെ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങൾ എന്നവകാശപ്പെട്ടുകൊണ്ടവതരിപ്പിക്കുന്നതൊക്കെ കൺകെട്ടുവിദ്യയും മായാജാലവുമാണെന്നും ചിലർ തർക്കുന്നു. മൂന്നാമത്തെ ഇനം ദൃഷ്ടാന്തങ്ങൾ അല്ലാഹു പ്രവാചകന്മാരിലൂടെ അവതരിപ്പിക്കുന്ന സന്മാർഗ സൂക്തങ്ങൾ- വേദപ്രമാണങ്ങൾ- ആണ്. അതാണ് ഇവിടെ ഉദ്ദേശ്യം. അവ ദൈവചനങ്ങളൊന്നുമല്ല, പ്രവാചകൻ സ്വയം കെട്ടിച്ചമച്ചതാണ്. അല്ലെങ്കിൽ ആരോ അയാളെ പഠിപ്പിച്ചു വിടുന്ന ശ്ലോകങ്ങളാകുന്നു എന്നാണതു സംബന്ധിച്ച പ്രധാന തർക്കം. ഇങ്ങനെ തർക്കിക്കുന്നവരൊന്നും അവരുടെ വാദം സ്ഥാപിക്കാൻ വൈദികമായ ഒരു പ്രമാണവും ഉന്നയിക്കുന്നില്ല. ദൈവിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ദൈവത്തിങ്കൽ നിന്നുള്ള പ്രമാണങ്ങളെ ആധാരമാക്കേണ്ടതിന്റെ അനിവാര്യത നേരത്തെ 35-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ സൂചിപ്പിച്ചിരിക്കുന്നു. തങ്ങളുടെ കൈവശമുള്ള ഇന്നയിന്ന വേദങ്ങൾ പ്രപഞ്ചത്തിന് പല ദൈവങ്ങളുണ്ടെന്നും അവർക്ക് പ്രവാചകന്മാരെ നിയോഗിക്കുന്ന സമ്പ്രദായമില്ലെന്നും പഠിപ്പിക്കുന്നു എന്നുപറയാൻ ആർക്കും കഴിയില്ല. ബുദ്ധിപരമായ തെളിവുകളിലൂടെയും, ദൈവത്തിന്റെ ബഹുത്വവും വേദനിഷേധവും സ്ഥാപിക്കാനാവില്ല. അവരിൽ ഭൂരിപക്ഷത്തിനും പറയാനുള്ളത് ഇതു തങ്ങളുടെ പൂർവ പിതാക്കൾ പുലർത്തിപ്പോന്ന വിശ്വാസങ്ങളും ആചാരങ്ങളുമാകുന്നു എന്നാണ്. പൂർവികർക്കത് എവിടെനിന്ന് എങ്ങനെ ലഭിച്ചു എന്നൊന്നും അന്വേഷിക്കേണ്ടതില്ല. അവരെ സംബന്ധിച്ചിടത്തോളം അവർ ആചരിച്ചുപോന്നു എന്നതുതന്നെ അതിന്റെ അനിഷേധ്യതക്കും ആധികാരികതക്കും മതിയായ തെളിവാകുന്നു. ചിലർ പറയും, ദൈവമേയില്ല. ഇതൊക്കെ സ്വയം ഉണ്ടായതാണ്. ഇനി ദൈവം സൃഷ്ടിച്ചതാണെങ്കിൽ തന്നെ ആ സൃഷ്ടി സോദ്ദേശ്യമോ സലക്ഷ്യമോ അല്ല. സൃഷ്ടികൾക്ക് ആ സ്രഷ്ടാവിനോട് കടപ്പാടുമില്ല. ഈ വാദത്തിനുമില്ല ബുദ്ധിപരമോ പ്രമാണപരമോ ആയ യാതൊരു തെളിവും. ദൈവവും അവന്റെ സൃഷ്ടി കർമവും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും ഇന്ദ്രിയഗോചരമല്ലാത്തതിനാൽ നിഷേധിക്കുകയാണവർ. ഒരു യാഥാർഥ്യം അറിയായ്കയെ ആ യാഥാർഥ്യത്തിന്റെ ഇല്ലായ്മക്ക് തെളിവാക്കുന്നത് കേവലം മൗഢ്യമാണല്ലോ.

ദൈവദൂതന്നും ദൈവിക സൂക്തങ്ങൾക്കുമെതിരെ തർക്കിക്കുന്നവരെ യഥാർഥത്തിൽ അതിന് പ്രേരിപ്പിക്കുന്നത് അവരുടെ ഉള്ളിലുള്ള അഹന്തയാണ്. إِن فِي صُدُورِهِمْ إِلَّا كِبْرٌ അവരുടെ മാറിടങ്ങളിൽ കിബ്ർ അല്ലാതൊന്നുമില്ല. അതായത് അവരുടെ ഉള്ളിൽ സത്യസന്ധതയോ നൈതിക-ധാർമിക ബോധമോ ജീവിത സാഫല്യത്തെ സംബന്ധിച്ച ചിന്തയോ ഒന്നുമില്ല. ഉള്ളത് അസൂയയും അഹന്തയും മാത്രമാണ്. അഹന്തയും അസൂയയും ധാർഷ്ട്യവും ധിക്കാരവുമൊക്കെയാണ് كِبْر. ഈ വികാരങ്ങളുടെ പ്രകടനത്തിന് تَكَبّر എന്നും استكبارഎന്നും പറയും. തങ്ങൾ അത്യുന്നതരാണ്, ആഢ്യന്മാരാണ്, മഹാപ്രമാണിമാരാണ്, എല്ലാവരെയും ഭരിക്കാനും നയിക്കാനും പോന്നവരാണ്. തങ്ങളെ ഉപദേശിക്കാനും തിരുത്താനും ആരും പോരാ. മുഹമ്മദ് പ്രചരിപ്പിക്കുന്ന ആശയങ്ങളും സൂക്തങ്ങളും സത്യമാണെങ്കിൽ തന്നെ അതു സ്വീകരിക്കുന്നത് തങ്ങളുടെ അന്തസ്സിനും ആഭിജാത്യത്തിനും ചേരാത്ത അപമാനകരമായ നടപടിയാണ്. ദൈവം ഒരു ദൂതനെ നിയോഗിക്കുന്നുവെങ്കിൽ തന്നെ, നിയോഗിക്കേണ്ടത് ഞങ്ങളെപ്പോലെ ഉന്നതരും പ്രഗത്ഭരുമായ വ്യക്തികളെയാണ്. അല്ലാതെ ആളും അർഥവുമില്ലാത്ത മുഹമ്മദിനെപ്പോലൊരാളെയല്ല. തങ്ങളുടെ അന്തസ്സും ഔന്നത്യവും നിലനിർത്താൻ മുഹമ്മദിനെയും പുത്തൻ മതത്തെയും തോൽപിച്ചേ തീരൂ. ഈ ആശയം നേരത്തെ സൂറ *സ്വാദ്* 2-ാം സൂക്തത്തിൽ بَلِ الَّذِينَ كَفَرُوا فِي عِزَّةٍ وَشِقَاقٍ - (പക്ഷെ ഈ സത്യം നിഷേധിച്ചവർ മിഥ്യാ പ്രതാപത്തിലും കൊടിയ വിരോധത്തിലുമാകുന്നു) എന്നും, *അൽ ഫുർഖാൻ* 21-ാം സൂക്തത്തിൽ لَقَدِ اسْتَكْبَرُوا فِي أَنفُسِهِمْ وَعَتَوْا عُتُوًّا كَبِيرًا (തങ്ങളിൽ തന്നെ വല്ലാതെ അഹങ്കരിച്ച് കൊടിയ ധിക്കാരമനുവർത്തിക്കുകയാണവർ) എന്നും അവതരിപ്പിച്ചിരിക്കുന്നു.

ഞാൻ ഉന്നതനും മഹനീയനുമാണ്. മറ്റുള്ളവർ എനിക്കു താഴെയാണ്. എന്നെ അനുസരിക്കേണ്ടവരാണ്. അവർക്കൊന്നും എന്നോളം അറിവും കഴിവുമില്ല. എനിക്കു വഴങ്ങാത്തവരെ തോൽപിക്കാനും കീഴ്പ്പെടുത്താനും ശക്തനാണ് ഞാൻ..... ഇങ്ങനെയുള്ള മനോഭാവമാണ് كِبْر. മുഹമ്മദിനെയും മുഹമ്മദീയ ദർശനത്തെയും പരാജയപ്പെടുത്താൻ തങ്ങൾക്കു കഴിയുമെന്നും അങ്ങനെ, ദൈവങ്ങളെ രക്ഷിച്ചവരെന്ന നിലയിൽ കൂടുതൽ പ്രതാപികളും ഉന്നതസ്ഥാനീയരുമാകുമെന്നും ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഖുറൈശി മുശ്‌രിക്കുകൾ അഹങ്കരിച്ചിരുന്നതിനെ കൂടി സൂചിപ്പിക്കുന്നതാണ് كِبْر എന്ന പദപ്രയോഗം. അവരുടെ ആ വിചാരങ്ങളെല്ലാം കേവലം വ്യാമോഹമാണെന്നു പറയുകയാണ്. പക്ഷെ, അത്തരം ആളുകളെ അതു ബോധ്യപ്പെടുത്തുക ദുഷ്കരമാകുന്നു. എത്രയൊക്കെ ഉപദേശിച്ചാലും അവർ ധാർഷ്ട്യവും ധിക്കാരവും തുടർന്നുകൊണ്ടിരിക്കും. ആകയാൽ പ്രവാചകൻ -പ്രബോധകൻ- അവരുടെ ദ്രോഹത്തിൽനിന്ന് അല്ലാഹുവിൽ ശരണം തേടിക്കൊള്ളുക. ഏതു ധിക്കാരികളിൽനിന്നും സത്യപ്രബോധകരെ രക്ഷിക്കാൻ കഴിവുള്ളവനാണവൻ. അവരുടെ നീക്കങ്ങൾ അവൻ സസൂക്ഷ്മം ശ്രവിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. ഓർക്കുക, അവൻ മാത്രമാണ് എല്ലാം കേൾക്കുന്നവനും കാണുന്നവനും. അവൻ കേൾക്കുന്നതിനപ്പുറം കേൾക്കുന്നതോ കാണുന്നതിനപ്പുറം കാണുന്നതോ ആയ ഒരു ശക്തിയുമില്ല. അതുകൊണ്ട് എല്ലാ വിപത്തുകളിൽനിന്നും നിങ്ങളെ രക്ഷിക്കാൻ കഴിവുള്ള ശക്തിതന്നെയാണവൻ. ●

لَخَلْقُ السَّمَاوَاتِ وَالْأَرْضِ أَكْبَرُ مِنْ خَلْقِ النَّاسِ
وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٥٧﴾

57. വാനലോകത്തിന്റെയും ഭൂമിയുടെയും സൃഷ്ടിതന്നെയാകുന്നു മനുഷ്യ സൃഷ്ടിയെക്കാൾ ഗംഭീരമായത്. പക്ഷെ അധികജനവും യാഥാർഥ്യം അറിയുന്നില്ല.

**57**


لَخَلْقُ السَّمَاوَاتِ وَالْأَرْضِ = വാനലോകത്തിന്റെയും ഭൂമിയുടെയും സൃഷ്ടി തന്നെയാകുന്നു
أَكْبَرُ = ഏറ്റം വലിയത് (ഗംഭീരമായത്) مِنْ خَلْقِ النَّاسِ = മനുഷ്യരുടെ സൃഷ്ടിയെക്കാൾ
وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ = പക്ഷെ അധികജനവും യാഥാർഥ്യം അറിയുന്നില്ല

ഇനി അവിശ്വാസികൾ ഉന്നയിച്ച മുഖ്യ തർക്കവിഷയമായിരുന്ന മരണാനന്തര ജീവിതത്തിന്റെ ബുദ്ധിപരമായ സാധ്യതയെയും ആവശ്യകതയെയും കുറിച്ചു പറയുകയാണ്. മരിച്ചു മണ്ണായിപ്പോയവരെ ആർക്ക് എങ്ങനെ വീണ്ടും ജീവിപ്പിക്കാനാകും എന്നായിരുന്നു അവരുടെ പ്രധാന ചോദ്യം. മനുഷ്യനെക്കാൾ എത്രയോ ഭീമവും വിപുലവുമായ സൃഷ്ടികളാണ് ലക്ഷോപലക്ഷം ഗോളങ്ങൾ വ്യവസ്ഥാപിതമായി കറങ്ങുന്ന വാനലോകവും മനുഷ്യൻ വസിക്കുന്ന ഈ ഭൂമിയും എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. ലക്ഷോപലക്ഷം വർഷങ്ങളായി ആ മഹാസൃഷ്ടികൾ സൃഷ്ടിക്കപ്പെട്ടിട്ട്. അന്നുമുതൽ അവ കൃത്യമായ വ്യവസ്ഥയിൽ ചരിച്ചുകൊണ്ടിരിക്കുകയാണ്. ഒന്നിനും ഒരു മാറ്റവുമില്ല. ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ചെറിയൊരു ജീവി മാത്രമാണ് മനുഷ്യൻ. അമ്പതോ നൂറോ വർഷം ജീവിച്ച ശേഷം അവൻ മരിച്ചുപോകുന്നു. ലക്ഷോപലക്ഷം വർഷങ്ങൾ അനസ്യൂതമായി പ്രവർത്തിക്കുന്ന കോടാനുകോടി ഗോളങ്ങൾ സൃഷ്ടിച്ച അല്ലാഹുവിന് ഒരിക്കൽ അവൻ സൃഷ്ടിച്ച മനുഷ്യൻ മരിച്ച ശേഷം വീണ്ടും സൃഷ്ടിക്കാൻ കഴിയില്ലെന്നു ചിന്തിക്കാൻ എന്തു ന്യായമാണുള്ളത്?

മനുഷ്യ ജീവിതം സാധ്യമാകുന്നത് ഭൂമിയുടെയും ആകാശഗോളങ്ങളുടെയും പ്രവർത്തനം കൊണ്ടാണ്. അവ ചിരകാലം നിലനിന്നു പ്രവർത്തിക്കുന്നു. മനുഷ്യന്റെ ക്ഷണിക ജീവിതത്തെ സേവിക്കുന്നു. സേവകൻ ചിരകാലം നിലനിൽക്കുകയും സേവിതൻ ക്ഷണകാലം ജീവിച്ച് ശൂന്യതയിൽ ലയിക്കുകയും ചെയ്യുന്നവനുമാണെന്നോ? ഈ ആലോചന സാമാന്യ ബുദ്ധിയെ കൊണ്ടെത്തിക്കുക മനുഷ്യൻ മരണാനന്തരം ഏതോ രീതിയിൽ ജീവിതം തുടരുന്നു എന്നതിലേക്കാണ്. പക്ഷെ, അധികമാളുകളും ഇതൊന്നും ചിന്തിക്കാനോ മനസ്സിലാക്കാനോ തയാറാകുന്നില്ല. യാഥാർഥ്യമറിയാതെ ഉയിർത്തെഴുന്നേൽപിനെ കേൾക്കുന്ന മാത്രയിൽ, മരിച്ചു മണ്ണായവർ വീണ്ടും ജീവിച്ചെഴുന്നേൽക്കുകയോ എന്ന് അത്ഭുതം കൂറി നിഷേധിക്കുകയാണവർ. ●


റമദാനിൽ പുറത്തിറങ്ങുന്നു

വിശ്വാസികളിൽ
ആത്മീയ വിശുദ്ധി
വളർത്താനുതകുന്ന
ഹദീസുകളുടെ സമാഹാരം



ഇമാം നവവിയുടെ
രിയാദുസ്സ്വാലിഹീൻ
പരിഭാഷയും വ്യാഖ്യാനവും
എ. അബ്ദുസ്സലാം സുല്ലമി



അക്ഷരജ്ഞാനമുള്ള സാമാന്യ
ജനങ്ങളെ വിശുദ്ധ ഖുർആൻ
സ്വയം വായിച്ചു പഠിക്കാൻ
സഹായിക്കുന്ന ഗ്രന്ഥം.
വിശദമായ വ്യാഖ്യാനം.
ഓരോ ഖുർആൻ പദത്തിന്റെയും
അർഥ വിവരണം.

ഖുർആൻ ബോധനം
ഭാഗം 10
ടി.കെ. ഉബൈദ്

IPH BOOKS
FORLAND BUILDING, RAJAJI ROAD, KOZHIKODE, 673004
PH: 0495 2720072, 2724618, WP NO: 9544299877
Online store: www.iphbooks.com/store/

I.P.H. Kozhikode - 0495-2720072, 2724618
I.P.H. Palakkad -0491- 2528010, 9744754390
I.P.H. Thiruvananthapuram - 0471-2337355
I.P.H. Eranakulam -0484-2369784
I.P.H. Kannur -0497-2701001
I.P.H. Malappuram -0483-2735445
I.P.H. Thrissur -0487-2427356
Pratheeksha Books, Kozhikode- 0495-2720092

وَمَا يَسْتَوِي الْأَعْمَىٰ وَالْبَصِيرُ وَالَّذِينَ آمَنُوا وَعَمِلُوا
الصَّالِحَاتِ وَلَا الْمُسِيءُ ۚ قَلِيلًا مَّا تَتَذَكَّرُونَ ﴿٥٨﴾

58. അന്ധനും കാഴ്ചയുള്ളവനും തുല്യരാകുന്നില്ല. സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളാചരിച്ചവരുടെയും ദുർവൃത്തരുടെയും കാര്യവും അപ്രകാരം തന്നെ. നിങ്ങൾ വളരെ കുറച്ചേ ഗ്രഹിക്കുന്നുള്ളൂ.

إِنَّ السَّاعَةَ لَآتِيَةٌ لَّا رَيْبَ فِيهَا وَلَٰكِنَّ أَكْثَرَ النَّاسِ لَا
يُؤْمِنُونَ ﴿٥٩﴾

59. ഉയിർത്തെഴുന്നേൽപു സമയം ഉറപ്പായും വന്നെത്തുന്നതാകുന്നു; ഒരു സംശയവും വേണ്ട. പക്ഷെ അധിക ജനവും വിശ്വസിക്കുന്നില്ല.

**58,59**

وَمَا يَسْتَوِي = തുല്യമാകുന്നില്ല الْأَعْمَىٰ = അന്ധൻ وَالْبَصِيرُ = കാഴ്ചയുള്ളവനും

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = (രുടെയും) സത്യവിശ്വാസം കൈക്കൊ(ണ്ട്)ള്ളുന്നവരും സൽകർമങ്ങൾ ആചരിച്ചവ(രുടെയും)

وَلَا الْمُسِيءُ = (ദുർവൃത്തരുടെയും കാര്യവും അപ്രകാരം തന്നെ) ദുഷ്ടനും, ദുർവൃത്തനും അല്ല

قَلِيلًا مَّا = വളരെ കുറച്ചു മാത്രമേ تَتَذَكَّرُونَ = നിങ്ങൾ ഓർക്കുന്നുള്ളൂ, ഗ്രഹിക്കുന്നുള്ളൂ

إِنَّ السَّاعَةَ = ആ (ഉയിർത്തെഴുന്നേൽപു) സമയം لَآتِيَةٌ = ഉറപ്പായും വന്നെത്തുന്നതാകുന്നു

لَّا رَيْبَ فِيهَا = അതിൽ സംശയമില്ല (വേണ്ട) وَلَٰكِنَّ أَكْثَرَ النَّاسِ لَا يُؤْمِنُونَ = പക്ഷെ അധിക ജനവും വിശ്വസിക്കുന്നില്ല

ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷകളും സംഭവിക്കേണ്ടത് നൈതികവും ധാർമികവുമായ ഒരാവശ്യമാണെന്നു വ്യക്തമാക്കുകയാണ് ഈ സൂക്തങ്ങൾ. അന്ധനും കാഴ്ചയുള്ളവനും തുല്യരല്ല എന്നത് ഒരു ഗഹനമായ തത്ത്വമൊന്നുമല്ല; സാമാന്യമായ സഹജ ജ്ഞാനമാണ്. ഇതുപോലെയുള്ള വൈരുധ്യങ്ങളാണ് അജ്ഞതയും അറിവും. അജ്ഞത അന്തരാളത്തിന്റെ അന്ധതയും ജ്ഞാനം അതിന്റെ വെളിച്ചവുമാണ്. ഈയർഥത്തിൽ മുൻസൂക്തം സൂചിപ്പിച്ച 'അധിക ജനവും' അന്ധരാണെന്ന് ഉണർത്തുകയാണ്. കുറച്ചാളുകളേ യാഥാർഥ്യങ്ങൾ മനസ്സിലാക്കുന്നുള്ളൂ. ഈ രണ്ടുകൂട്ടരും അന്ധരും കാഴ്ചയുള്ളവരും പോലെ വ്യത്യസ്തമാണ്. സത്യജ്ഞാനം സത്യവിശ്വാസത്തിലേക്കും സത്യവിശ്വാസം സൽകർമത്തിലേക്കും നയിക്കുന്നു. ജ്ഞാനമാകുന്ന കാഴ്ചയുടെ, വെളിച്ചത്തിന്റെ വികാസവും ക്രിയാത്മകതയുമാണ് ഈമാൻ. അജ്ഞതയാകുന്ന അന്ധത അസത്യവിശ്വാസത്തിലേക്കും ദുഷിച്ച കർമങ്ങളിലേക്കും നയിക്കുന്നു. സൽകർമിയായ സത്യവിശ്വാസിയും ദുർവൃത്തനായ അവിശ്വാസിയും തമ്മിലുമുണ്ട് അന്ധനും കാഴ്ചയുള്ളവനും തമ്മിലുള്ള അന്തരം. കാഴ്ചയുടെയും അന്ധതയുടെയും ഫലം വിരുദ്ധമായതുപോലെ സൽകർമത്തിന്റെയും ദുഷ്കർമത്തിന്റെയും ഫലവും വിരുദ്ധമാണ്. സന്മാർഗിക്ക് സന്മാർഗത്തിന്റെ ഫലവും ദുർമാർഗിക്ക് ദുർമാർഗത്തിന്റെ ഫലവും ലഭിക്കണം. അതാണ് സ്വാഭാവിക നീതി. അതുതന്നെയാണ് പ്രകൃതി നിയമവും. ഈ ഫലങ്ങൾ പരസ്പരം മാറുമ്പോൾ ആ മാറ്റത്തിന്റെ തോതനുസരിച്ച് നീതി, പ്രകൃതി വ്യവസ്ഥ വികലമാകുന്നു. ഇത് പലപ്പോഴും സംഭവിക്കുന്നുണ്ട്. ദുഷ്ടജനം ആജീവനാന്തം സുഖമനുഭവിക്കുന്നു. ശിഷ്ട ജനം ആജീവനാന്തം ദുരിതവും. പല അനീതികളും ഈ ലോകത്ത് പൂർണമായി പരിഹരിക്കാനാകുന്നില്ല. അന്യായമായി ആളുകളെ വധിച്ച ഘാതകനെയെടുക്കുക. പലപ്പോഴും അയാൾ പിടികൂടപ്പെടാതെ രക്ഷപ്പെടുന്നു. പിടികിട്ടിയാൽ തന്നെ അയാൾക്കു പരമാവധി നൽകാവുന്നത് വധശിക്ഷയാണ്. ഘാതകൻ വധശിക്ഷക്കു വിധേയനായി എന്നുതന്നെ വെക്കുക. അതുകൊണ്ട് വധിക്കപ്പെട്ടവന് നീതി കിട്ടിയോ? അയാളുടെ ഉറ്റവരുടെ പ്രതികാരദാഹം ശമിച്ചിരിക്കാം. സമൂഹ നന്മക്കുവേണ്ടി ദുഷ്ട ശക്തികളോട് സമരം ചെയ്ത് എത്രയോ സജ്ജനങ്ങൾ രക്തസാക്ഷികളാകുന്നു. പിൻഗാമികൾ അയാളെ ആദരിച്ചേക്കാം. സ്മാരകങ്ങൾ പണിതേക്കാം. ഇതൊന്നും അയാൾ അറിയുന്നുപോലുമില്ല. തന്റെ ത്യാഗവും സൽകർമവും അർഹിക്കുന്ന നീതി അയാൾക്കു കിട്ടുന്നില്ല. അതു കിട്ടുമ്പോഴേ യഥാർഥ നീതി സാക്ഷാത്കരിക്കപ്പെടുന്നുള്ളൂ. അതിനുതകുന്ന ഒരു സംവിധാനം പ്രപഞ്ചത്തിൽ ഉണ്ടായിരിക്കണം. അതു സ്വാഭാവിക നീതിയുടെ, പ്രകൃതി വ്യവസ്ഥയുടെ വിധാതാവിന്റെ താൽപര്യമാകുന്നു. സമ്പൂർണ നീതി സാക്ഷാത്കരിക്കപ്പെടാൻ അവൻ നിശ്ചയിച്ച വേദിയാണ് ഉയിർത്തെഴുന്നേൽപും വിചാരണയും. പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച് സദ്ബുദ്ധിയോടെ ചിന്തിച്ചുനോക്കിയാൽ സ്വയം ബോധ്യപ്പെടുന്ന യാഥാർഥ്യമാണിത്. ആളുകൾ വളരെ കുറച്ചേ ഈ യാഥാർഥ്യത്തെക്കുറിച്ചു ചിന്തിക്കുകയും ബോധവാന്മാരാവുകയും ചെയ്യുന്നുള്ളൂ.

ഉയിർത്തെഴുന്നേൽപ് ദൈവത്തിന്റെ നീതിവ്യവസ്ഥയുടെ അനിവാര്യഘടകമാണ്. ആര് വിശ്വസിച്ചാലും നിഷേധിച്ചാലും അത് അതിന്റെ സമയത്ത് സംഭവിക്കുക തന്നെ ചെയ്യും. ഒരു സംശയവും വേണ്ട. പക്ഷെ മുൻപറഞ്ഞ തെളിവുകളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും കടന്നുപോകുന്ന അധികമാളുകളും അവ നൽകുന്ന സൂചനകൾ അവഗണിക്കുകയാണ്. അതിനാൽ അവർ അവിശ്വാസത്തിൽ തന്നെ തുടരുന്നു. പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചു സത്യാന്വേഷണ താൽപര്യത്തോടെ ചിന്തിക്കുകയാണെങ്കിൽ അവ തങ്ങളെ ഏകദൈവവിശ്വാസത്തിലേക്കും പരലോക വിശ്വാസത്തിലേക്കും വിളിക്കുന്നതു കേൾക്കുമായിരുന്നു. ●